## പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

### തൊഴിലുറപ്പ് പദ്ധതിയുടെ നടത്തിപ്പ്

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3206 — 29.01.2014 ൽ മറുപടിക്ക്

| ചോദ്യം. | | ഉത്തരം. | |
|---|---|---|---|
| ശ്രീ. എം. വി. ശ്രേയാംസ് കുമാർ<br>'' റോഷി അഗസ്റ്റിൻ<br>'' പി. സി. ജോർജ്<br>ഡോ. എൻ. ജയരാജ്. | | ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) | |
| (എ) | തൊഴിലുറപ്പ് പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച് പഠിക്കുന്നതിന് കമ്മിറ്റിയെ നിയോഗിച്ചിരുന്നുവോ; വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത്, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ നിർവ്വഹണത്തെക്കുറിച്ച് പഠിച്ച് പദ്ധതി നിർവ്വഹണം കൂടുതൽ കാര്യക്ഷമവും മെച്ചപ്പെടുത്താൻ ഉതകുന്നതുമായ നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി 13-05-2013 ലെ സർക്കാർ ഉത്തരവ് നമ്പർ (സാധാ) 1273/2013/തസ്വഭവ പ്രകാരം ബഹു. ശ്രീ എം. മുരളി എക്സ് എം.എൽ.എയുടെ അധ്യക്ഷതയിൽ 11 അംഗ കമ്മിറ്റിയെ നിയോഗിച്ചിരുന്നു. |
| (ബി) | പ്രസ്തുത കമ്മിറ്റിയുടെ ശുപാർശകൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (ബി) | അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) | പ്രസ്തുത പദ്ധതി വിപുലീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം

1. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾ, പരമ്പരാഗത തൊഴിലിൽ ഏർപ്പെടുന്നവർ, പാർശ്വവത്കരിക്കപ്പെട്ട മറ്റ് വിഭാഗങ്ങൾ എന്നിവരുടെ കുടുംബങ്ങളെ 100% ഉം തൊഴിലുറപ്പ് പദ്ധതിയിൻ കീഴിൽ കൊണ്ടുവന്ന് 100 ദിവസത്തെ തൊഴിൽ ഉറപ്പാക്കുന്നതിനുള്ള ശുപാർശകൾ
2. തൊഴിലുറപ്പ് പദ്ധതിയിൽ തൊഴിലെടുക്കുന്നതിനായി മുന്നോട്ട് വന്നിട്ടുള്ള തൊഴിലാളികളെ ചെറിയ ഗ്രൂപ്പുകളായി സംഘടിപ്പിച്ച് ലേബർ ഗ്രൂപ്പുകൾ രൂപീകരിക്കുന്നതിനുള്ള ശുപാർശകൾ
3. ഗ്രാമീണ ജനതയുടെ അതിജീവന സുരക്ഷിതത്വത്തിനായി ഉല്പാദനോന്മുഖമായ സ്ഥിരം ആസ്തികൾ ഏറ്റെടുക്കുന്നതിനുള്ള ശുപാർശകൾ
4. തൊഴിലാളി ഗ്രൂപ്പുകൾ പാട്ടത്തിന് ഭൂമി ഏറ്റെടുത്ത് കൃഷിചെയ്യുന്നതിനുള്ള ശുപാർശ
5. ബ്ലോക്കു പഞ്ചായത്തുകളുടെ അനുഭവജ്ഞാനം പരമാവധി പ്രയോജനപ്പെടുത്തി സാധന സാമഗ്രികൾ ഉപയോഗിച്ചുകൊണ്ടുള്ള പ്രവൃത്തികൾ ബ്ലോക്കു പഞ്ചായത്തിനെ ഏൽപ്പിക്കുന്നതിനുള്ള ശുപാർശ.
6. പദ്ധതിയിൽ സാധനസാമഗ്രികളുടെ ഉപയോഗം കൂടുതൽ ഫലപ്രദമാക്കുന്നതിനും വിദഗ്ദ്ധ - അർദ്ധ വിദഗ്ദ്ധ തൊഴിലാളികളുടെ സേവനം ലഭ്യമാക്കുന്നതിനുമായി തൊഴിലാളി കുടുംബങ്ങളിലെ അംഗങ്ങളെ ഉൾപ്പെടുത്തി സേവാ സൊസൈറ്റികൾ രൂപീകരിക്കുവാനുള്ള ശുപാർശ
7. വേതന വിതരണത്തിലെ കാലതാമസം ഒഴിവാക്കുന്നതിന് സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച ശുപാർശ
8. നഗരവത്കൃത പഞ്ചായത്തുകളിലും, തീരദേശ പഞ്ചായത്തുകളിലും കൂടുതൽ പ്രവൃത്തികൾ ഏറ്റെടുക്കുന്നത് സംബന്ധിച്ച ശുപാർശകൾ
9. തൊഴിലുറപ്പ് പദ്ധതി പ്രയോജനപ്പെടുത്തിയുള്ള പട്ടികജാതി/പട്ടികവർഗ്ഗ കോളനികളുടെ സമഗ്ര വികസനം
10. തൊഴിലുറപ്പ് പദ്ധതിയും മറ്റ് വകുപ്പുകളുമായുള്ള സമന്വയം (Convergence) ഫലപ്രദമാക്കുന്നതിന് ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ
11. നിർവ്വഹണ സംവിധാനം കൂടുതൽ ശക്തിപ്പെടുത്തുന്നതിന് ഗ്രാമ-ബ്ലോക്ക്-ജില്ലാ-സംസ്ഥാന തലങ്ങളിലെ സംഘടനാ സംവിധാനത്തിൽ ഔദ്യോഗികമായി വരുത്തേണ്ട മാറ്റങ്ങൾ
12. മോണിറ്ററിംഗ് സംവിധാനം ഫലപ്രദമാക്കുന്നതിനുള്ള ശുപാർശകൾ
13. ക്ഷീര,കയർ മേഖലകളിലെ പ്രവൃത്തികൾ പട്ടിക വർഗ്ഗക്കാരുടെ വനവിഭവശേഖരണ പ്രവൃത്തികൾ എന്നിവ പദ്ധതിയിൽ ഉൾപ്പെടുത്തൽ, പദ്ധതിയിലെ പ്രവൃത്തിസമയം രാവിലെ 9 മുതൽ വൈകുന്നേരം 4 മണിവരെ ക്രമീകരിക്കൽ, തൊഴിലാളികളുടെ വേതനം 225 രൂപയായി ഉയർത്തൽ, കാർഷിക പ്രവർത്തനങ്ങൾ നെഗറ്റീവ് ലിസ്റ്റിൽ നിന്ന് ഒഴിവാക്കൽ എന്നീ കാര്യങ്ങൾ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽകൊണ്ടുവന്ന് അനുകൂല തീരുമാനം നേടിയെടുക്കുന്നതിനുള്ള ശുപാർശ

Sheyla